**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1280 — 03-12-2015 -ൽ മറുപടിക്ക്

**ഭൂകമ്പമാപിനികളുടെ ശൃംഖല സ്ഥാപിക്കുന്നതിന് പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. വർക്കല കഹാർ**<br>**ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | ഭൂകമ്പങ്ങൾ നിരീക്ഷിക്കുന്നതിന് ഭൂകമ്പ മാപിനികളുടെ ശൃംഖല സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) & സി) | കേരളത്തിലെ ഭൗമാന്തർ ഭാഗത്ത് നടക്കുന്ന വിവിധ ചലനങ്ങളുടെയും പ്രതിപ്രവർത്തനങ്ങളുടെയും വിവരശേഖരണവും ഭൂകമ്പങ്ങളുടെ പ്രഭവസ്ഥാനവും, തീവ്രതയും കൃത്യതയോടു കൂടി അളക്കുകയും, ഭ്രംശപാളികളിൽ ഉണ്ടാകുന്ന മാറ്റങ്ങളെ തിരിച്ചറിയുകയും, കേരളത്തിലെ വലിയ അണക്കെട്ടായ ഇടുക്കി അണക്കെട്ടിൽ ഭൂകമ്പങ്ങളാൽ ഉണ്ടാകുന്ന ചലനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. തിരുവനന്തപുരത്തെ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ (എസ്.ഇ.ഒ.സി) നിരന്തരം വിവരം ലഭിക്കത്തക്കവിധമാണ് ഇവ സജ്ജീകരിച്ചിരിക്കുന്നത്. നിലവിൽ ഇടുക്കി അണക്കെട്ട്, ആലടി, കുളമാവ്, ചോറ്റുപാറ, മീൻകട്ട്, വള്ളക്കടവ് എന്നീ സ്ഥലങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 3.9 കോടി രൂപ ചെലവാക്കിയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വൈദ്യുത ബോർഡുമായി ചേർന്ന് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. കൂടാതെ കേന്ദ്രഭൗമ ശാസ്ത്രപഠന സ്ഥാപനം സംസ്ഥാനത്ത് പീച്ചി വനഗവേഷണ സ്ഥാപനത്തിനുള്ളിൽ ഒരു ഭൂകമ്പമാപിനിയും സ്ഥാപിച്ചിട്ടുണ്ട്. അതിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളും അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ ശേഖരിച്ചുവരുന്നു. |
| സി) | പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | |

സെക്ഷൻ ഓഫീസർ